LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം നിയോജകമണ്ഡലം

പുക്കോട്ടൂർ ഗ്രാമപഞ്ചായത്ത്, മൊറയൂർ ഗ്രാമപഞ്ചായത്ത്, കൂട്ടിലങ്ങായി ഗ്രാമപഞ്ചായത്ത്, ആനക്കയം ഗ്രാമപഞ്ചായത്ത്, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

വേങ്ങര നിയോജകമണ്ഡലം

എ.ആർ.നഗർ ഗ്രാമപഞ്ചായത്ത്

പരപ്പൂർ ഗ്രാമപഞ്ചായത്ത്

തിരൂർ നിയോജകമണ്ഡലം

തിരുനാവായ ഗ്രാമപഞ്ചായത്ത്

തലക്കാട് ഗ്രാമപഞ്ചായത്ത്, തിരൂർ ബ്ലോക്ക് പഞ്ചായത്ത്

തവനൂർ നിയോജകമണ്ഡലം

തവനൂർ ഗ്രാമപഞ്ചായത്ത്, വട്ടംകുളം ഗ്രാമപഞ്ചായത്ത്

വണ്ടൂർ നിയോജകമണ്ഡലം

തിരുവാളി ഗ്രാമപഞ്ചായത്ത്, മമ്പാട് ഗ്രാമപഞ്ചായത്ത്,

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്, കാളികാവ് ഗ്രാമപഞ്ചായത്ത്, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്

മുകളിൽ സൂചിപ്പിച്ച ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും സ്പോർട്സ് കൗൺസിൽ ആവശ്യപ്പെട്ട രേഖകൾ/വിവരങ്ങൾ സമർപ്പിച്ച പഞ്ചായത്തുകൾക്ക് കളിസ്ഥല നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കർഹമായ ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന്റെ കേന്ദ്രവിഹിതം അനുവദിച്ചു നൽകിയിട്ടുണ്ട്. ഇനിയും രേഖകൾ സമർപ്പിക്കാത്ത പഞ്ചായത്തുകൾ രേഖകൾ/വിവരങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നതാണ്.

ദേശീയ ഗെയിംസ്

327 (338) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ദേശീയ ഗെയിംസ് നടത്തുകയുണ്ടായോ ; വിശദമാക്കുമോ ;

(ബി) സ്പോർട്സ് രംഗത്ത്എന്തെല്ലാം നേട്ടങ്ങളാണ് ഇതുമൂലം കൈവരിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സ്പോർട്സ് രംഗത്ത് ഇതുമൂലം ഉണ്ടായത് ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ വേദികളിൽ വച്ച് നടക്കുകയുണ്ടായി.

(ബി&സി) കേരളത്തിലെ കായികപ്രേമികളും സാധാരണക്കാരും ഒരേ മനസ്സോടെയാണ് ദേശീയ ഗെയിംസിന്റെ ഭാഗമായത്. മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തിയത് കായികമേഖലയ്ക്ക് ഒരു നവോൻമേഷം പകർന്നിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാക്കുകയും കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തതിലൂടെ ഭാവിയിൽ കായികതാരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും ഇതര അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുവാനും അവസരമൊരുങ്ങി. 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും 35 കോടി രൂപയ്ക്കുള്ള കായിക ഉപകരണങ്ങളും 35-ാം ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായിക മേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തമാക്കും എന്ന് ഉറപ്പാണ്. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളിബോൾ, സ്ക്വാഷ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾക്കും പൊതുജനങ്ങൾക്കും പുതിയ ഉണർവ് കൈവരുന്നതാണ്.

ദേശീയ ഗെയിംസിനായി പുതുതായി നിർമ്മിച്ചതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

പുതിയ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

328 (339) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്പോർട്സ് സ്കൂളുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly